(ബി) പരിസ്ഥിതി പ്രശ്നങ്ങളും കാലവസ്ഥയും പരിസര മലിനീകരണവും എല്ലാം ഈ പകർച്ചവ്യാധികൾ വർദ്ധിക്കുവാൻ കാരണമായിട്ടുണ്ട്. ഡെങ്കിപ്പനി പരത്തുന്ന ഈഡിസ് കൊതുകുകളും എലിപ്പനി പരത്തുന്ന എലികളും വളരെയധികം വർദ്ധിക്കുവാൻ പരിസരമലിനീകരണം കാരണമായിട്ടുണ്ട്. മലിനജലം കെട്ടികിടക്കുന്നതും പ്ലാസ്റ്റിക് കപ്പുകൾ അലക്ഷ്യമായി വലിച്ചെറിയുന്നതും കൊതുകിന്റെ പ്രജനനത്തെ വളരെയധികം സഹായിക്കുന്നു.

(സി) മാലിന്യ നിർമ്മാർജ്ജനം ഊർജ്ജിതപ്പെടുത്താൻ എല്ലാ സ്വയംഭരണ സ്ഥാപനങ്ങളോടും ആവശ്യപ്പെട്ടിട്ടുണ്ട്. എലി നശീകരണം മറ്റുള്ള വകുപ്പുകളുടെ സഹകരണത്തോടെ കൃഷിവകുപ്പ് നടപ്പാക്കിവരുന്നു. എലിപ്പനിക്കെതിരെ വ്യാപകമായ ആരോഗ്യവിദ്യാഭ്യാസം നടത്തുന്നുണ്ട്. മരുന്നു തളിക്കലും ഫോഗിംഗും ഉൾപ്പെടെയുള്ള കൊതുകു നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നു.

രോഗകാരണം കണ്ടുപിടിച്ച് അനുയോജ്യമായ ചികിത്സ നൽകുന്നതിന് നടപടി

127 (3081) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അനുദിനം പനി പിടിച്ച് മരിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുവരെ ഇത്തരത്തിൽ എത്രപേർ മരിച്ചു ;

(സി) ഈ മരണങ്ങൾ എല്ലാം ഡെങ്കിപ്പനിമൂലമാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) പനിമൂലം മരണമടഞ്ഞവരുടെ ആരുടെയെങ്കിലും മൃതശരീരം പോസ്റ്റ്മോർട്ടം ചെയ്തിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇത് ഡെങ്കിപ്പനിയാണെന്ന് സ്ഥിരീകരിക്കുന്നതിനാവശ്യമായ തെളിവുകൾ ലഭിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) മൃതശരീരങ്ങൾ പോസ്റ്റ്മോർട്ടം ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ജി) പനിയുമായി ആശുപത്രികളിൽ എത്തുന്നവർക്ക് ഏത് തരം പനിയാണെന്ന് കണ്ടുപിടിച്ച് രോഗത്തിന് അനുയോജ്യമായ ചികിത്സ നൽകുന്നതിനാവശ്യമായ സംവിധാനം ഒരാശുപത്രിയിലും നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) പനിയുമായി ആശുപത്രിയിൽ എത്തുന്ന പലർക്കും രോഗം ഏതാണെന്ന് തിട്ടപ്പെടുത്താതെ മരുന്ന് നൽകുന്നതാണ് മരണം വർദ്ധിക്കുവാൻ കാരണമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) കേരളത്തിൽ പനി പടരുന്നതിനു കാരണം ചൈനയിൽ നിന്നും മറ്റും ഇറക്കുമതി ചെയ്യുന്ന ഭക്ഷണ പാർത്ഥങ്ങളാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 138 പേർ മരിച്ചിട്ടുണ്ട്.

(സി) എല്ലാ മരണങ്ങളും ഡെങ്കിപ്പനി മൂലമല്ല. ഡെങ്കിപ്പനിമൂലം 35 പേർ മരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) കോട്ടയം മെഡിക്കൽ കോളേജിൽ മരണമടഞ്ഞ ഒരാളുടെ മൃതശരീരം പോസ്റ്റുമോർട്ടത്തിൽ ഡെങ്കിപ്പനിയാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്.

(എഫ്) ബാധകമല്ല.

(ജി) ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും ഇതിനുള്ള സംവിധാനം ഉണ്ട്.

(എച്ച്) പൂർണ്ണമായും ശരിയല്ല. രോഗലക്ഷണങ്ങൾ വച്ചുകൊണ്ടുതന്നെ രോഗം മനസ്സിലാക്കി ചികിത്സിക്കാൻ സാധിക്കും.

(ഐ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കോളറ നിയന്ത്രിക്കുന്നതിന് നടപടി

128 (3082) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സംസ്ഥാനത്ത് ഏതെങ്കിലും പ്രദേശത്ത് കോളറ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ അവ എവിടെയെല്ലാം ;

(സി) പ്രസ്തുത രോഗം നിയന്ത്രിക്കുന്നതിന് സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ&ബി) ഉണ്ട്. അഞ്ചുതെങ്ങ്, അഴിക്കോട് (തിരുവനന്തപുരം ജില്ല) ചമ്പക്കുളം (ആലപ്പുഴ ജില്ല), ചെങ്ങളം, കുടവച്ചൂർ, കരിപ്പുന്ന (കോട്ടയം ജില്ല)

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly